**C 33376** (Pages : 3) Name..............................

Reg. No..............................

# FIRST SEMESTER B.A. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Malayalam

## MAL 1B 01—മലയാള കവിത—നവോത്ഥാനം ഘട്ടം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'കരുണ'യിലെ വൃത്തം ഏത് ?

2 'മണിനാദം' ആരുടെ കവിതയാണ് ?

3 ഇടശ്ശേരിക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

4 ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ-

ക്കരളല്ലേ, നീയെൻെറ ജീവനല്ലേ ?

—ആരുടെ വാക്കുകൾ ?

5 'വർണ്ണരാജി' എന്ന കൃതി എഴുതിയതാര് ?

6 'ഇതോ ബലിവംശ ധർമ്മം'—ഇങ്ങനെ ചോദിച്ചതാര് ?

7 ശുദ്ധ കാല്പനിക കവി എന്ന് വിളിക്കപ്പെടുന്ന കവിയാര് ?

8 "പണിവേണമോ തനി-

ക്കെങ്കിൽ വായ്മൂടിക്കെട്ടുക"

—ആരുടെ വാക്കുകൾ ?

9 ആധുനിക കവിത്രയത്തിൽ മഹാകാവ്യമെഴുതാത്ത കവിയാര് ?

10 'പഴയൊരപ്പാറക്കൽ പ്രതിമയുണ്ടിപ്പൊഴും' പ്രതിമ ആരുടേതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "ചുമരിലൊത്തിരി രേഷനരിക്കിഴി

ചുടുചിന്താഭാരങ്ങൾ നെഞ്ചറയിൽ"

—സന്ദർഭം വ്യക്തമാക്കുക.

Turn over

12 "പൊട്ടിക്കാളി, മനുഷ്യന്മാർ

തമ്മിൽ തൊട്ടാലശുദ്ധിയോ"

—ഇങ്ങനെ ചോദിക്കാൻ കാരണമെന്ത് ?

13 പറ്റിത്തിന്നാൻ ലാക്കുനോക്കും

കൂട്ടരെങ്ങും നിറഞ്ഞുപോയ്

—കവി വിവക്ഷിതം വിശദീകരിക്കുക.

14 "ഘോരസമുദ്രായ ഗൃദ്ധ്രനേത്രം

കൂരിരുട്ടത്തും തുറിച്ചുനില്പൂ !"

—സ്വാരസ്യം വ്യക്തമാക്കുക.

15 "ഞടുങ്ങിയാ രംഗം കണ്ടു പകച്ചു ധന്യൻ"—രംഗമേത് ? വിശദമാക്കുക.

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 "ചാരുമുഖി ചാരിയിരുന്നീടുന്നു"—ഇരിപ്പിന്റെ പ്രത്യേകത എഴുതുക.

17 "ഇടയുള്ളോർ വാദിപ്പിൻ മാർഗ്ഗവും ലക്ഷ്യവും

ഇടറിയോ ഞാനൊന്ന് തല ചായ്ക്കട്ടെ"

—ആരുടെ വാക്കുകൾ ? സാഹചര്യമേത് ? വ്യക്തമാക്കുക.

18 ഈടാർന്ന രാഗാപദാനഗാനം

പാടരുതെന്നൊന്നുമില്ലയല്ലി ?

—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

19 ഉബൈദിന്റെ കവിതകളുടെ സ്വഭാവമെന്ത് ? വിവരിക്കുക.

20 "പക്ഷേ വീഴാതെ നില്ക്കുന്നു

നാത്തുമ്പത്തുള്ള വാചകം"

—പൊരുളെന്ത് ? വിവരിക്കുക.

21 ഉപഗുപ്തന്റെ സ്വഭാവം നിരൂപണം ചെയ്യുക.

22 "ഹന്ത, നിൻകൃത്യമവർക്കതെന്തൊ-

രന്തരംഗാഘാതമായിരിക്കും"

—ആർക്ക് ? വിവരിക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 'കരുണ'യെ ശ്രദ്ധേയമാക്കുന്ന കാവ്യഘടകങ്ങൾ എന്തെല്ലാം ? വിവരിക്കുക.

24 'ബന്ധനസ്ഥനായ അനിരുദ്ധ'നിലെ നാടകീയത വിശകലനം ചെയ്യുക.

25 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

26 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയുടെ ഭാവതലം നിരൂപണം ചെയ്യുക.

27 രമണനെ ആധാരമാക്കി കാല്പനിക കവിതയുടെ സ്വഭാവം നിരൂപണം ചെയ്യുക.

28 നങ്ങേമക്കുട്ടി എന്ന കവിതയുടെ പ്രമേയതലം വിശദീകരിക്കുക.

(4 × 10 = 40 marks)